**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 10 വർഷം സർവീസ് പൂർത്തിയാക്കിയ വിദ്യാഭ്യാസയോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ നൽകാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലർക്ക്/ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-ൽ കുറയാത്ത തസ്തികകളിലേക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ 10%-ഉം, ക്ലർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകളിൽ 5%-ഉം തസ്തികമാറ്റ നിയമനം നൽകിവരുന്നുണ്ട്. |
| (ബി) | ലാസ്റ്റ് ഗ്രേഡ് വിഭാഗത്തെ ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടുന്ന സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ടോ; | (ബി) | ലാസ്റ്റ് ഗ്രേഡ് വിഭാഗം കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | ക്ലറിക്കൽ തസ്തികയിൽ ഉള്ളവർക്ക് വകുപ്പുതല പരീക്ഷ നടത്തി പ്രമോഷൻ നൽകുന്ന അതേ മാതൃകയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും വകുപ്പുതലപരീക്ഷ നടത്തി ക്ലറിക്കൽ തസ്തികയിലേക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | വിശേഷാൽ ചട്ടം /പൊതു ഉത്തരവുകൾ പ്രകാരം ക്ലറിക്കൽ തസ്തികയിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിലും സ്ഥാനക്കയറ്റം/ തസ്തികമാറ്റം മുഖേന നികത്തുന്നതിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട് |
| (ഡി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിതമായി റേഷ്യോ പ്രമോഷൻ നൽകുന്നത് സർക്കാറിന്റെ പരിഗണനയിലുണ്ടോ? | (ഡി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയ ബന്ധിത ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ